LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം

123 [1062] ശ്രീ. ഇ. എം. അഗസ്തി :

" കെ. സി. ജോസഫ് :

" പി. ടി. തോമസ് :

" കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ യു.ഡി.സി., സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികകളിൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് അവർ എൽ.ഡി.സി. ആയി നിയമിക്കപ്പെട്ട ജില്ലയിൽ നിന്ന് അവരുടെ അപേക്ഷ പ്രകാരമോ മറ്റ് വിധത്തിലോ വേറെ ജില്ലകളിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട് ;

(ബി) ഇപ്രകാരം സ്ഥലം മാറ്റിയത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് പറയുമോ :

(സി) 2003 മാർച്ച് മാസത്തിന് ശേഷം ഇപ്രകാരമുള്ള സ്ഥലം മാറ്റങ്ങൾ ലാൻഡ് റവന്യൂ ഡെപ്യൂട്ടി കമ്മീഷണർ നിർത്തി വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) റീ അലോട്ട്മെന്റുകളോടൊപ്പമാണ് സ്ഥലംമാറ്റവും നൽകിയിരുന്നത്.

(സി) ഇക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടതിനെ തുടർന്ന് സ്ഥലം മാറ്റങ്ങൾ നിറുത്തിവച്ചിരിക്കുന്നു.

കമ്പ്യൂട്ടർ ഫോം കമ്പനി തുടങ്ങുന്നതിനുള്ള കളക്ടറുടെ ഡിക്ലറേഷൻ

124 [1063] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ കമ്പ്യൂട്ടർ ഫോം കമ്പനി തുടങ്ങുന്നതിന് കളക്ടറുടെ ഡിക്ലറേഷൻ ലഭിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഡിക്ലറേഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) എന്നത്തേക്ക് ഡിക്ലറേഷൻ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷ എന്നാണ് ലഭിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിക്ലറേഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് അയച്ചിട്ടും കക്ഷി ഡിക്ലറേഷനിൽ ഒപ്പുവയ്ക്കുന്നതിനായി മലപ്പുറം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുൻപാകെ ഇതുവരെ ഹാജരായിട്ടില്ല.

(സി) കക്ഷി ആവശ്യമായ രേഖകൾ സഹിതം മലപ്പുറം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുൻപാകെ ഹാജരായി ഡിക്ലറേഷനിൽ ഒപ്പുവച്ചാൽ അന്നുതന്നെ കക്ഷിക്ക് ഡിക്ലറേഷൻ നൽകുന്നതാണ്.

(ഡി) അപേക്ഷ 22-7-2005 തീയതിയിൽ ലഭിച്ചിട്ടുണ്ട്.

പട്ടയ വിതരണവും കൈവശാവകാശ രേഖയും

125 [1064] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിനു മുന്നിൽ പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2001 ജൂൺ മുതൽ 2005 ഡിസംബർ വരെ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം നൽകിയെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർക്ക് 2001 ജൂണിനും 2005 ഡിസംബറിനും ഇടയിൽ കൈവശരേഖ നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വ്യാജ രേഖകളുണ്ടാക്കി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കാൻ നടപടി

126 [1065] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീഴുപറമ്പ് വില്ലേജിലെ ഒരു ഏക്കർ 33 സെന്റ് വരുന്ന വാലില്ലാപ്പുഴ ജലാശയം അനധികൃത കയ്യേറ്റം നടത്തി വ്യാജരേഖകളുണ്ടാക്കി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly